## ചരമം



### ബായി. എൽ

ബാലരാമപുരം: മണപ്പുറം ഇടുപറ വീട്ടിൽ പരേതനായ ഗോപിയുടെ ഭാര്യ ബായി. എൽ(80) നിര്യാതയായി. മക്കൾ: മഹേശ്വരി, സുധർമ്മൻ, വിജയകുമാരി. മരുമക്കൾ: മോഹനൻ, ശശി. സഞ്ചയനം: ഞായറാഴ്ച രാവിലെ 9 മണിക്ക്.



### ഭവാനി അമ്മ

ചെറുവയ്ക്കൽ : ശാസ്താംകോണം ഡി.എൻ.ആർ.എ.-75 വട്ടവിളാകത്ത് വീട്ടിൽ പരേതനായ ചന്ദ്രശേഖരൻ നായരുടെ ഭാര്യ ഭവാനി അമ്മ (80) നിര്യാതയായി. മക്കൾ : ശശികല. ബി, ആശാലത, ജയകുമാർ (ലാറ്റക്സ്, ആക്കുളം). മരുമക്കൾ: സുരേഷ് കുമാർ, സന്തോഷ്(ഗൾഫ്), ലോല (വനിതാ ക്ഷേമ സഹകരണ സംഘം) സഞ്ചയനം വ്യാഴാഴ്ച രാവിലെ 8.30 ന്.



### വേലായുധൻ നായർ

പൗഡിക്കോണം: നാവുക്കോട്ടുകോണം പി. ജി. ആർ. എ-ബി 5 ഹാംലെറ്റിൽ എസ്. എം. വി. ഹയർ സെക്കന്ററി സ്കൂൾ റിട്ട പ്രിൻസിപ്പൽ എസ്. വേലായുധൻ നായർ (68) നിര്യാതനായി. ഭാര്യ വസന്തകുമാരി (റിട്ട. ദേവസ്വം ബോർഡ്). മക്കൾ : ഡോ.വി. സരിത, ഡോ. വി. ദിവ്യ. മരുമക്കൾ : ഡോ. വി. എം. സന്ദീപ്, കെ. ബി. അനുരാജ് (എ. ഇ , എൽ. എസ്.വി.ഡി). സഞ്ചയനം ചൊവ്വാഴ്ച രാവിലെ 8.30 ന്.



### ഇന്ദിരാദേവി

കഴക്കൂട്ടം: കാര്യവട്ടം കെ വി ആർ എ 28 എ ഗോകുലത്തിൽ കെ.രവീന്ദ്രൻ നായരുടെ ഭാര്യ ഇന്ദിരാദേവി(71) നിര്യാതയായി. മക്കൾ :വിനോദ്, മനോജ്, രാജലക്ഷ്മി. മരുമകൾ: ഹേമാവിനോദ്. മരണാനന്തരചടങ്ങ് ജനവരി 24 ന് രാവിലെ 8.30 ന്.



### കെ. ജഗദമ്മ

ശ്രീകാര്യം: കരിമണൽ പുല്ലുകാട് പുത്തൻവിള വീട്ടിൽ കെ. ജഗദമ്മ(85) നിര്യാതയായി. മക്കൾ : ഉഷകുമാരി, ഉദയനൻ (അനികുട്ടൻ). മരുമക്കൾ: ശിവകുമാർ, ആശാലത. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30 ന്

# പ്രളയ സെസ് വില കൂട്ടും?



## ■ പ്രഖ്യാപനം സംസ്ഥാന ബഡ്ജറ്റിൽ

▸ കെ.പി കൈലാസ്നാഥ്

തിരുവനന്തപുരം: പ്രളയത്തെ തുടർന്നുള്ള നവ കേരള നിർമ്മിതിക്കായി ജി.എസ്.ടി കൗൺസിൽ അനുവദിച്ച ഒരു ശതമാനം സെസ് സംസ്ഥാനത്ത് ഏർപ്പെടുത്തുന്നതുമൂലം ചില ഉത്പന്നങ്ങളുടെ വില കൂടും. 31 ന് ധനമന്ത്രി ഡോ. തോമസ് ഐസക് നിയമസഭയിൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ ഇതുസംബന്ധിച്ച പ്രഖ്യാപനം ഉണ്ടാകുമെന്നാണ് സൂചന.

പ്രളയത്തിൽ തകർന്ന കേരളത്തെ പുനർനിർമ്മിക്കാനാണ് ജി.എസ്.ടി കൗൺസിൽ ഒരു ശതമാനം സെസ് പിരിക്കാൻ സംസ്ഥാനത്തിന് അനുമതി നൽകിയത്. ഇതിലൂടെ ഒരു വർഷം 500 കോടിയാണ് കേരളത്തിന് സമാഹരിക്കാൻ കഴിയുക. രണ്ടുകൊല്ലത്തേക്കാണ് സെസ്. ഇത് പിരിച്ചെടുക്കാൻ ചരക്ക് സേവന നികുതിയിലെ (ജി.എസ്.ടി) ചില സ്ലാബുകളിലെ ഉത്പന്നങ്ങളിലാകും സെസ് ചുമത്തുക.

5, 12, 18, 28 ശതമാനം നികുതിയുള്ളതാണ് ജി.എസ്.ടി സ്ലാബുകൾ. ഇതിൽ നിരക്ക് കൂടിയ രണ്ട് സ്ലാബുകളിൽ സെസ് ഏർപ്പെടുത്താനാണ് സാദ്ധ്യത എന്നറിയുന്നു. ഏതെങ്കിലും സ്ലാബുകളിലെ മുഴുവൻ ഉത്പന്നങ്ങൾക്കാണോ തിരഞ്ഞെടുക്കപ്പെട്ട ഉത്പന്നങ്ങൾക്ക് മാത്രമാണോ സെസ് ചുമത്തുക എന്നതും വ്യക്തമല്ല. ആഡംബര വസ്തുക്കൾക്ക് ഒരുപക്ഷേ, ഉറപ്പായും സെസ് ചുമത്തിയേക്കാം.

ജി.എസ്.ടി നിലവിൽ വന്നതോടെ സംസ്ഥാനങ്ങൾ മാത്രമായി ഏതെങ്കിലും ഉത്പന്നങ്ങളുടെ നികുതി കൂട്ടാനോ കുറയ്ക്കാനോ കഴിയില്ല. എന്നാൽ, കേരളത്തിൽ സെസ് ചുമത്തുന്നതോടെ ചില സാധനങ്ങളുടെ വില കൂടും.

കേരളത്തിന് മാത്രമാണ് സെസ് ഏർപ്പെടുത്താൻ അനുമതിയുള്ളതിനാൽ സംസ്ഥാനത്തെ ജി.എസ്.ടി സോഫ്റ്റ് വെയറിൽ ഇതിനായി മാറ്റം വരുത്തേണ്ടി വരും.

ജി.എസ്. ടിയുടെ സംസ്ഥാന വിഹിതത്തിൽ കേരളത്തിനകത്തുള്ള വില്പനയ്ക്ക് മാത്രമാണ് സെസ് ഉണ്ടാവുക. ഇതുമൂലം സൗകര്യത്തിനായി ഒരേ സ്ലാബിലുള്ള മുഴുവൻ ഉത്പന്നങ്ങൾക്കും സെസ് ഏർപ്പെടുത്തേണ്ടി വരുമോ എന്ന സംശയവും നിലനിൽക്കുന്നുണ്ട്.

ഏതൊക്കെ ഇനങ്ങളിലാണ് സെസ് പ്രഖ്യാപിക്കുക എന്നറിയാൻ ഇത്തവണ ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിനായി കാത്തിരിക്കേണ്ടിവരും.

മദ്യത്തിന് വേണമെങ്കിൽ സംസ്ഥാനത്തിന് സെസ് ഏർപ്പെടുത്താം.

എന്നാൽ സംസ്ഥാനത്തിന് നികുതി വർദ്ധിപ്പിക്കാൻ അധികാരമുള്ള ഉത്പന്നമാണ് മദ്യമെന്നതിനാൽ സെസിന് പകരം നികുതിതന്നെ വർദ്ധിപ്പിച്ചുകൂടായ്കയില്ല.

### സെസ് ചുമത്തിയേക്കാവുന്നവ

ഗൃഹോപകരണങ്ങൾ, ഇലക്ട്രോണിക് വസ്തുക്കൾ, ആഡംബര വസ്തുക്കൾ, ചില ഭക്ഷ്യവസ്തുക്കൾ, ചില നിർമ്മാണ സാമഗ്രികൾ. സ്വർണത്തിന് സെസ് ഏർപ്പെടുത്തുകയാണെങ്കിൽ ഒരു പവന് മുന്നൂറ് രൂപാ വരെ കൂടിയേക്കാം.




### പദ്ധതി ചെലവുകൾ വെട്ടിച്ചുരുക്കും?

പ്രളയത്തെ തുടർന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാൽ ഇത്തവണ സംസ്ഥാനത്തിന്റെ പദ്ധതിചെലവുകൾ വെട്ടിച്ചുരുക്കാനാണ് സാദ്ധ്യത. നിലവിലെ സാമ്പത്തിക വർഷംതന്നെ മിക്ക വകുപ്പുകൾക്കും അനുവദിച്ച പദ്ധതി വിഹിതം പ്രളയ ദുരിതാശ്വാസ പ്രവർത്തനത്തിനായി 20 ശതമാനത്തോളം വെട്ടിച്ചുരുക്കിയിരുന്നു.

## വിശദീകരണം: ശബരിമല തന്ത്രി പത്ത് ദിവസത്തെ സാവകാശം തേടി

ശബരിമല: യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് നടയടച്ച് ശുദ്ധിക്രിയ നടത്തിയതിന്റെ പേരിൽ ദേവസ്വം ബോർഡ് ആരാഞ്ഞിരിക്കുന്ന വിശദീകരണത്തിന് തന്ത്രി കണ്ഠര് രാജീവര് പത്ത് ദിവസത്തെ സാവകാശം തേടി. 22 നകം വിശദീകരണം നൽകണമെന്നാണ് ബോർഡ് ആവശ്യപ്പെട്ടിരുന്നത്.

എന്നാൽ തന്റെ അഭിഭാഷകനുമായും കുടുംബാംഗങ്ങളുമായും ചർച്ച ചെയ്ത് വിശദീകരണം തയ്യാറാക്കേണ്ടതിനാൽ പത്ത് ദിവസം കൂടി നീട്ടി നൽകണമെന്ന് ഇന്നലെ സന്നിധാനത്ത് എത്തിയ ദേവസ്വം ബോർഡ് മെമ്പർ കെ.പി. ശങ്കരദാസ് ഉൾപ്പെടെയുള്ളവരോട് ആവശ്യപ്പെട്ടു. നാളെയാണ് നടയടയ്ക്കുന്നത്. തന്ത്രിക്കും അന്നേ മലയിറങ്ങാനാകൂ.

## ഹൈമാസ്റ്റ് ലൈറ്റ് തകർത്ത സംഭവം മൂന്ന് ബി.ജെ.പി പ്രവർത്തകർ അറസ്റ്റിൽ

നെയ്യാറ്റിൻകര: നരുവാമൂട് ഒലിപ്പുനട ജംഗ്ഷനിൽ ഹൈമാസ്റ്റ് ലൈറ്റ് തകർത്ത കേസിലെ മൂന്നുപേരെ നരുവാമൂട് പൊലീസ് ഇന്നലെ വൈകിട്ട് അറസ്റ്റ് ചെയ്തു.

ഒലിപ്പുനട സ്വദേശികളും ബി.ജെ.പി പ്രവർത്തകരുമായ രാജേഷ്(30), രാധാകൃഷ്ണൻ (32), പ്രസാദ്(28) എന്നിവരാണ് അറസ്റ്റിലായത്.

ഇവരെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ഈ മാസം 3 നായിരുന്നു ഇവർ ഒലിപ്പുനടയിലെ ഹൈമാസ്റ്റ് ലൈറ്റ് എറിഞ്ഞു തകർത്തത്.

### ആവശ്യമുണ്ട്

മെഡിക്കൽ കോളേജ് KSRTC ബസ്സ്റ്റാന്റിനകത്തുള്ള ബേക്കറിയിലേക്ക് ജ്യൂസ് മേക്കറെ ആവശ്യമുണ്ട്

Ph: 9847085390







